അൻപതു സെൻറ് സ്ഥലം കൈവശംവച്ച് താമസിച്ചുവരികയാണ്. പത്തിരുപത്തയ്യായിരം രൂപയോളം വിലവരുന്ന മരങ്ങളും ആ ഭൂമിയിലുണ്ടായിരുന്നു. 1973-ൽ 1262-ാം നമ്പറായി പട്ടാനി ലാൻറ് ട്രൈബ്യൂണലിൽ നിന്ന് അദ്ദേഹത്തിനു സുപ്പോമോട്ടാവായി പട്ടയം ലഭിച്ച ഭൂമിയാണിത്. ഈ സ്ഥലത്ത് 28-10-1986-ൽ പോലീസ് സഹായത്തോടുകൂടി കുറെ ആളുകൾ കടന്നുകയറി മുഴുവൻ മരങ്ങളും മുറിച്ചുകൊണ്ടുപോയി. നാട്ടുകാരും കോരനും കോരൻറെ കുടുംബവും അതിനെ ശക്തിയായി എതിർത്തപ്പോൾ അവരെ മുഴുവൻ അറസ്റ്റ് ചെയ്ത് ലോക്കപ്പിൽ കൊണ്ടുപോയിട്ട് വൈകുന്നേരം വിട്ടയച്ചു. മുറിച്ച മരങ്ങൾ മുഴുവനും അവർ കടത്തിക്കൊണ്ടു പോയി. പട്ടയം ലഭിച്ച അൻപതു സെൻറ് ഭൂമിയാണത്. ആ പാവപ്പെട്ട ഹരിജൻ കുടുംബം കുടിയിരുപ്പായി തലമുറകളായി താമസിച്ചുവരുന്ന ഭൂമിയാണ്. 'ആ ഭൂമി എനേറതാണെന്ന്' അവകാശപ്പെട്ടുകൊണ്ട് ഭരണപക്ഷത്തിൽ സ്വാധീനമുള്ള ഒരാൾ പോലീസ് സഹായത്തോടുകൂടി ഒഴിപ്പിക്കാനുള്ള നടപടി നടത്തുകയാണ്. ഇപ്പോൾ മരം മുറിച്ചുകഴിഞ്ഞിട്ട് കോരനെ അവിടെനിന്ന് ഒഴിപ്പിക്കാനുള്ള നടപടികളാണ് നടക്കുന്നത്. ഇത് ഹരിജനങ്ങളോട്, പാവപ്പെട്ടവരോട് ഗവൺമെൻറ് എടുക്കുന്ന നയമാണോ എങ്കിൽ അത് വിശദീകരിക്കണം. കോരനെപ്പോലുള്ള ഹരിജനങ്ങൾക്ക് പട്ടയം കിട്ടിയ ഭൂമിയിൽ ജീവിക്കുവാൻ ആവശ്യമായ സംരക്ഷണം കൊടുക്കുകയും ഇത്തരം നടപടികളെടുത്ത ആളുകൾക്കും പോലീസിനുമെതിരായി അടിയന്തിര നടപടികളെടുക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഈ പ്രശ്നത്തിൻറെ വിശദമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. എന്തായാലും കോരനെ അവിടന്ന് ഒഴിപ്പിക്കാതിരിക്കുവാനുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്നതാണ്. അതിന് ജില്ലാ കളക്ടറുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ആവശ്യമായ നടപടികളെടുക്കുന്നതാണ്.

(8) യുവജന സംഘടനകൾക്ക് മുഖ്യമന്ത്രി നൽകിയ ഉറപ്പ് പാലിക്കണമെന്ന ആവശ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ആ ഗസ്റ്റ് മാസം ഡി. വൈ. എഫ്. ഐ.യുടെ നേതൃത്വത്തിൽ കേരളത്തിൽ നടന്ന ഐതിഹാസികമായ സമരത്തെത്തുടർന്ന് 5-9-1986-ന് മുഖ്യമന്ത്രി വിവിധ യുവജന സംഘടനകളെ വിളിച്ചുകൂട്ടി നൽകിയ ഉറപ്പ് പാലിച്ചിട്ടില്ല. എസ്. എസ്. എൽ. സി. തോറ്റ യുവതീയുവാക്കൾക്ക് കൂടി പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ തൊഴിലില്ലായ്മ വേതന പദ്ധതി ആവിഷ്ക്കരിക്കാമെന്ന് ഉറപ്പ് നൽകിയെന്ന് 20-10-1986-ലെ 10-ാം നമ്പർ സ്റ്റാർഡ് കവസ്റ്റ്യനു് ഉത്തരമായി വ്യക്തമാക്കിയതാണ്. ഇതുവരെ ആ പദ്ധതി ആസൂത്രണം ചെയ്യാനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് നിലവിലിരിക്കുമ്പോൾ താൽക്കാലിക നിയമനങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. കെ. എസ്. ആർ. ടി. സി. യിൽ 5009 റിസർവ്വ് കണ്ടക്ടർമാരുടെ ലിസ്റ്റ് പബ്ലിക് സർവ്വീസ് കമ്മീഷനിൽ തയ്യാറാക്കിയിട്ടുണ്ട്. എങ്കിലും ഇപ്പോഴും 1052 താൽക്കാലിക ജീവനക്കാർ അവിടെ തുടരുകയാണ്. അതുകൊണ്ട് യുവജന സംഘടനകൾക്കു നൽകിയ ഉറപ്പ് അടിയന്തിരമായി പാലിക്കണം. അതിന് തയ്യാറാകുന്നില്ലെങ്കിൽ അതിശക്തിമത്തായ സമരങ്ങളെ വീണ്ടും നേരിടേണ്ടിവരും. ഡി. വൈ. എഫ്. ഐ. നടത്തുന്ന യൂത്ത് മാർച്ചിനു നേരെ

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ കാറു കയറി കൊല്ലാൻ ശ്രമിക്കുന്നു. ഇത്തരത്തിൽ യുവജന സമരത്തെ അടിച്ചമർത്തുന്ന ഈ നിലപാട് അവസാനിപ്പിച്ചു കൊണ്ട് അവർക്ക് നൽകിയ ഉറപ്പ് അടിയന്തിരമായി പാലിക്കാൻ ഗവൺമെൻറ് തയ്യാറാകണമെന്നാണ് എനിക്കഭ്യർത്ഥിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, യുവജനങ്ങളുടെ തൊഴിലില്ലായ്മാ പ്രശ്നത്തെക്കുറിച്ച് ഉന്നയിച്ച കാര്യങ്ങൾക്ക് ഗവൺമെൻറ് സ്വീകരിച്ച നടപടികളെല്ലാം വിശദമാക്കിയതാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച പല കാര്യങ്ങളും ഇതിനുമുമ്പും ഈ സഭയ്ക്കകത്തു തന്നെ ഈ സമ്മേളനത്തിൽ പ്രതിപാദിച്ചു കഴിഞ്ഞിട്ടുള്ളതാണ്. അതു കൊണ്ട് ഈ കാര്യത്തെക്കുറിച്ച് കൂടുതലായിട്ട് ഒന്നും പറയാനില്ല. നേരെ മറിച്ച് ഇവിടെ എസ്. എസ്. എൽ. സി. പാസാകാത്ത ആളുകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള പദ്ധതി ആവിഷ്ക്കരിക്കുമെന്നു പറഞ്ഞതായി സൂചിപ്പിച്ചു. ഇപ്പോഴത്തെ പദ്ധതിയിൽ സ്വയം തൊഴിൽ കണ്ടെത്താൻ തയ്യാറാക്കിയിട്ടുള്ള പദ്ധതിയിൽ എസ്. എസ്. എൽ. സി. പാസാകണമെന്നില്ല. കെ. എസ്. ആർ. ടി. സി. യുടെ കാര്യം ഇവിടെ പറഞ്ഞു. അവിടെ യൂണിയനുമായിട്ട് ഉണ്ടാക്കിയിട്ടുള്ള കരാറനുസരിച്ച് ചെയ്തതല്ലാതെ പുതുതായി ഒരാളെയും നിയമിക്കാൻ അനുവദിക്കുന്നില്ല. അവിടെ മാത്രമല്ല ഒരു പബ്ലിക് അണ്ടർടേക്കിംഗിലും പി. എസ്. സി. യിൽ നിന്നല്ലാതെ പുതുതായിട്ട് ആളുകളെ നിയമിക്കാൻ അനുവദിച്ചിട്ടില്ല. പി. എസ്. സി. യുടെ ലിസ്റ്റ് ഉള്ള സ്ഥാപനങ്ങളിൽ ആ ലിസ്റ്റിൽ നിന്നുതന്നെ നിയമിക്കണമെന്ന നിർബന്ധ ശാസന നിലവിലുണ്ട്. എവിടെയെങ്കിലും ഇതിന് വിപരീതമായി ചെയ്തിട്ടുണ്ടെങ്കിൽ അതു ചൂണ്ടിക്കാണിച്ചാൽ ആവശ്യമായ നടപടിയെടുക്കാമെന്നു പറഞ്ഞു. അതിന്റെ ലിസ്റ്റും തരാൻ പറഞ്ഞിട്ടുണ്ട്. ഈ സമയം വരെ അതിനെ സംബന്ധിച്ച് ഒരു ലിസ്റ്റും എനിക്ക് കിട്ടിയിട്ടില്ല. അങ്ങനെയുള്ളവരുടെ ലിസ്റ്റ് തന്നാൽ അതിന് നടപടിയെടുക്കാമെന്ന് ഞാൻ ഉറപ്പ് തരുന്നു.

(9) പീരുമേട് നിയോജക മണ്ഡലത്തിലെ റോഡുകളുടെ ശോചനീയാവസ്ഥ

ശ്രീ. കെ. കെ. തോമസ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ എല്ലാ റോഡുകളും തകർന്ന് കുണ്ടും കുഴിയുമായി കിടക്കുന്നു. 1984 ലെയും 1985 ലെയും പ്രകൃതിക്ഷോഭത്തിലും അതിവൃഷ്ടിയിലും നശിച്ച റോഡുകൾ പുനരുദ്ധരിച്ചിട്ടില്ല. വികസിപ്പിക്കുന്ന കെ. കെ. റോഡിന്റെ പണികൾ മന്ദീഭവിച്ചിരിക്കുന്നു. ജോലി ഏറ്റെടുത്ത കോൺട്രാക്ടർമാർ അലസഭാവം പ്രകടിപ്പിക്കുന്നു. ഉദ്യോഗസ്ഥൻമാർ നടപടികൾ സ്വീകരിക്കുന്നില്ല. കഴിഞ്ഞ മഴക്കാലത്തോടെ മുഴുവൻ റോഡുകളും നശിച്ചു. ടെൻഡർ ഉറപ്പിച്ച റോഡുകൾ, റോഡ് റോളറുകൾ ഇല്ലാത്തതുകൊണ്ട് തടസ്സപ്പെട്ടു കിടക്കുന്നു. വിസ്തൃതമായ പീരുമേട് സബ്ഡിവിഷനിൽ ഒരു റോളർ ഉണ്ടായിരുന്നത് റിപ്പെയറിന് കൊണ്ടുപോയിരിക്കുകയാണ്. കെ.എൻ.പി.പി. ഡിവിഷനിൽ ഉണ്ടായിരുന്ന റോളർ കാഞ്ഞിരപ്പള്ളിയിൽ ഉപയോഗമില്ലാതെ കിടക്കുന്നു. കെ. എൻ. പി. പി. ഡിവിഷന്റെ ചുമതലയിലുള്ള കെ. കെ. റോഡിന്റെ പകുതിഭാഗം പീരുമേട് സബ്ഡിവിഷനിൽ വീണ്ടും ചേർത്തിരിക്കുന്നു. ഇന്നു കരാർ വച്ച പണികൾ നടത്തുന്നതിന് അഞ്ചു റോളറെങ്കിലും ആവശ്യമുണ്ട്. കോട്ടയം—മധുരയുമായി ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട കെ. കെ. റോഡും, പീരുമേടിനെ ഇടുക്കിയുടെ ഹെഡ് ക്വാർട്ടേഴ്സുമായി ബന്ധിപ്പിക്കുന്ന പി. ഡി. റോഡും ഉൾപ്പെടെ എല്ലാ റോഡു

LIBRARY ARCHIVES Kerala Legislative Assembly